


# Chicago Knanaya Catholic Parish Bulletin

**Sacred Heart Knanaya Catholic Church,** 611 Maple St., Maywood, IL 60153
**St. Mary's Parish Unit,** 5212 W. Agatite Ave, Chicago, IL 60630
August 24, 2008, Vol. 3, Issue 48
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm


# ചിക്കാഗോയിൽ രണ്ടാമത്തെ ദൈവാലയത്തിനായി പരിശ്രമിക്കുക

**ചിക്കാഗോ ക്നാനായ മിഷന്റെ രജത ജൂബിലിയോടനുബന്ധിച്ച് കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് ഓ.ൽ.വി പള്ളിയിലെ ദിവ്യബലി മദ്ധ്യേ ചെയ്ത പ്രസംഗത്തിൽ നിന്ന്.**



ആർച്ചുബിഷപ്പ് മാർ മാത്യു മൂലക്കാട്ട്

ചിക്കാഗോയിലെ ക്നാനായ മിഷൻ ആരംഭിച്ചിട്ട് 25 വർഷം ആയിരിക്കുകയാണല്ലോ. കഴിഞ്ഞകാലങ്ങളിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ ദൈവത്തിന്റെ മുമ്പിൽ നന്ദി പറയുവാൻ നമുക്ക് അനേക കാര്യങ്ങൾ ഉണ്ട്. യഥാർത്ഥത്തിൽ ഈ മിഷൻ ആരംഭിച്ചത് നമ്മുടെ വിശ്വാസവും പൈതൃകവും സംരക്ഷിക്കുന്നതിനാണ്. നമ്മുടെ ജനത്തിന് നമ്മുടെ വൈദികരുടെ സേവനം ലഭിക്കണം എന്ന ആഗ്രഹത്തിൽ നിന്നാണ് മിഷൻ ഉടലെടുത്തത്. അമേരിക്കയിലേക്ക് കുടിയേറിയ ക്നാനായ മക്കൾ തങ്ങളുടെ വിശ്വാസവും പൈതൃകവും സംരക്ഷിക്കുവാൻ നിരന്തരമായി കഠിനാദ്ധ്വാനം ചെയ്തിരുന്നു. അതിന്റെ തുടർച്ചയായിട്ടാണ് നമുക്കായി വൈദികൻ അയക്കപ്പെട്ടത്. ഇവിടെ ഉണ്ടായിരുന്ന സമുദായ സ്നേഹികളായ ജനങ്ങൾ അഭിവന്ദ്യ കുന്നശ്ശേരി പിതാവിനെ സന്ദർശിച്ച് തങ്ങൾക്കായി വൈദികനെ അയക്കണം എന്ന് ആവശ്യപ്പെട്ടതിന്റെ ഫലമായാണ് കുന്നശ്ശേരി പിതാവ് ചിക്കാഗോ ആർച്ച്ഡയസിസ് കാർഡിനലുമായി ആലോചിച്ച് ബഹു: ചൊള്ളമ്പേൽ അച്ചനെ ചിക്കാഗോയിലേക്ക് അയച്ചത്. അങ്ങനെ നമ്മുടെ ജനത്തിന്റെ മനസ്സിൽ ഉണ്ടായിരുന്ന ആഗ്രഹത്തിന്റെ പൂർത്തീകരണമായിട്ടാണ് മിഷൻ ആരംഭിച്ചത്.

നമ്മുടെ മിഷന്റെ ജൂബിലി ഇവിടെ ആഘോഷിക്കുമ്പോൾ, വർഷങ്ങൾക്കു മുമ്പ്, നമ്മുടെ ജനത്തിന്റെ കരുതലും ശ്രദ്ധയും താല്പര്യവും കണക്കിലെടുത്തിരുന്ന സമുദായാംഗങ്ങളുടെ നല്ല മനസ്സിനെ നാം നന്ദിപൂർവ്വം സ്മരിക്കണം. അവരുടെ വിശ്വാസതീക്ഷ്ണതയും സമുദായ താല്പര്യവുമാണ് വിദൂരസ്ഥമായ അമേരിക്കയിൽ ക്നാനായ സമുദായത്തിന് സ്വന്തമായ ആരാധനാ സംവിധാനം ഉണ്ടാക്കുവാൻ പര്യാപ്തമായത്. ആ കാലത്ത് ധാരാളം പ്രയാസങ്ങളും പ്രതിബന്ധങ്ങളും ഉണ്ടായി. എന്നിരുന്നാലും വൈദികരുടെ നേതൃത്വം നമ്മുടെ സമൂഹത്തെ ഒറ്റക്കെട്ടായി മുന്നോട്ടു നയിച്ചു. ആ കാലഘട്ടത്തിലുണ്ടായ ചില പ്രത്യേക സാഹചര്യത്തിൽ ചിലരുടെയെങ്കിലും മനസ്സിൽ സംശയമുണ്ടായി. നമ്മുടെ പൈതൃകവും തനിമയും നഷ്ടപ്പെടുമോ എന്ന് ചിലരെങ്കിലും സംശയിച്ചു. ഈ കാലഘട്ടങ്ങളിൽ ചില വിഭിന്നമായ ചിന്തകളും വ്യത്യസ്ഥ കാഴ്ചപ്പാടുകളും രൂപപ്പെട്ടു എന്നത് ശരിയാണ്. ഈ അവസരത്തിൽ നമ്മുടെ ആളുകളെ എങ്ങനെ ഒരുമിച്ച് നിർത്തി വിശ്വാസം സംരക്ഷിക്കാം എന്ന ചിന്തയായിരുന്നു സഭാധികാരികൾക്ക് ഉണ്ടായിരുന്നത്. ആ ലക്ഷ്യത്തിന്റെ ഭാഗമായിട്ടായിരുന്നു ക്നാനായ മിഷൻ കൂടുതൽ ശക്തിയോടെ അഭിവന്ദ്യ അങ്ങാടിയാത്ത് പിതാവിന്റെ കീഴിൽ പ്രവർത്തിക്കുവാൻ തീരുമാനിച്ചത്.

നമുക്കറിയാം, റോമിൽനിന്നു കിട്ടിയ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് അഭിവന്ദ്യ അങ്ങാടിയാത്ത് പിതാവ് പ്രവർത്തിച്ചത്. വീണ്ടും കുറെ ആളുകൾക്ക് സംശയമുണ്ടായി. നമ്മുടെ പൈതൃകം നഷ്ടമാകുമോ എന്ന്. അത് നഷ്ടമാകാതിരിക്കുവാനുള്ള സഭാസംവിധാനങ്ങൾക്കാണ് നാം രൂപം കൊടുത്തത്. ക്നാനായ പൈതൃകം സംരക്ഷിച്ചുകൊണ്ട് ക്നാനായ വൈദികരുടെ സേവനം ലഭ്യമാക്കിക്കൊണ്ടുള്ള സഭാസംവിധാനത്തിനാണ് നാം ശ്രമിച്ചത്. സഭാപരമായ സഹായത്തോടുകൂടി മാത്രമേ നമുക്ക് നമ്മുടെ പൈതൃകവും തനിമയും സംരക്ഷിക്കുവാൻ സാധിക്കു എന്ന ബോധ്യം നമ്മിൽ ഉളവായിരിക്കുകയാണ്. ഇത് മുന്നിൽ കണ്ടു

*(Continued on page 4)*

## രോഗീപരിചരണ ശുശ്രൂഷയെക്കുറിച്ച് പ്രത്യേക ധ്യാനം



**<— Fr. Sebastian Vechookarottu (Emmanuel Love Community, Kanjirappally)**
**Fr. Joy Cheradiyil (Chittoor Retreat Center) —>**



നമ്മുടെ ഇടവകയിൽ ഇദംപ്രഥമമായി നമ്മുടെ ആവശ്യപ്രകാരം രോഗീപരിചരണ രംഗത്തുള്ളവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മറ്റെല്ലാവർക്കും വേണ്ടി രോഗീശുശ്രൂഷയുമായി ബന്ധപ്പെടുത്തി നാലു ദിവസത്തെ ധ്യാനം നടത്തുന്നു. കേരളത്തിലെ പ്രശസ്ത ധ്യാനകേന്ദ്രങ്ങളിൽനിന്നെത്തുന്ന വൈദികർ നയിക്കുന്ന ഈ ധ്യാനത്തിൽ പുതു പ്രചോദനം ലഭിക്കുവാനും ഈശോയുടെ രോഗശാന്തി ശുശ്രൂഷയും തങ്ങളുടെ പ്രൊഫഷനുമായി ബന്ധപ്പെടുത്തി ധ്യാനിക്കുവാനും നല്ല വേദിയൊരുക്കുന്നു. മറ്റുള്ളവർക്കും ഈ ധ്യാനം പ്രയോജനപ്പെടുത്താവുന്നതാണ്.

**ആഗസ്റ്റ് 21 വ്യാഴം വൈകുന്നേരം 7:00 മുതൽ കമ്മ്യൂണിറ്റി സെന്ററിൽ**
**ആഗസ്റ്റ് 22 വെള്ളി വൈകുന്നേരം 6:30 മുതൽ 9:30 വരെ മേവുഡ് പള്ളിയിൽ**
**ആഗസ്റ്റ് 23, 24 ശനിയും ഞായറും രാവിലെ 10:00 മുതൽ വൈകുന്നേരം 5:00 വരെ മേവുഡ് പള്ളിയിൽ.**

## PASTOR / VICAR

**Fr. Abraham Mutholath**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of all Voluntary Staff, please visit:**
***www.knanayaregion.us/chicago/staff.htm***

## HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**ENGLISH MASS at 11:30 A.M. during Religious Education School days.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

## SYRO-MALANKARA MASS

**First Sundays of the month at 8:30 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## ADORATION

**ALL: First Fridays after Mass.**

## RECONCILIATION / CONFESSION

**First Saturdays from 10:00 A.M.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## BIBLE STUDY GROUP

**Second and Fourth Saturdays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**First and Third Saturdays after 10:00 A.M. Mass.**

## MEN'S & WOMEN'S MINISTRIES

**Third Saturday after 10:00 A.M. Mass**

## PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass.**

August 2008

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |
| 31 | | | | | | |

# Schedule of Events

### SATURDAY, AUGUST 23, 2008

**Special Retreat continues with focus on Health Care Ministry from 10:00 A.M. to 5:00 P.M.**
Fr. Joy Cheradiyil (Chittoor Retreat Center) and Fr. Sebastian Vechookarottu (Emmanuel Love Community, Knajirappally
രോഗീ ശുശ്രൂഷയ്ക്ക് പ്രാധാന്യം നല്കിയുള്ള പ്രത്യേക ധ്യാനം 10:00 മണിക്ക് കുർബ്ബാനയോടെ ആരംഭിച്ച് വൈകുന്നേരം 5:00 വരെ.

Holy Mass and Novena at 10:00 A.M.

### SUNDAY, AUGUST 24, 2008

ധ്യാനം 10:00 മണിക്കുള്ള കുർബ്ബാനയോടെ ആരംഭിച്ച് വൈകുന്നേരം 5:00 വരെ.

Holy Mass at 10:00 A.M.
**Religious Education Teachers Training at Maywood for Sacred Heart School from 11:30 A.M. by Sr. Judith from the Archdiocese of Chicago.**
Mass at OLV at 5:30 P.M.

### THURSDAY, AUGUST 28, 2008

**Feast Day of St. Augustine**
വിശുദ്ധ ആഗസ്തീനോസിന്റെ തിരുന്നാൾ ദിവസം

Holy Mass, Novena and Benediction at Community Center at 7:00 P.M.

### FRIDAY, AUGUST 29, 2008

**Koodarayogam Anniversary camping at Indiana Beach Amusement Resort, 5224 E. Indiana Beach Rd., Monticello, IN 47960 starting at 3:00 P.M.**
Holy Mass at 7:00 P.M.

### SATURDAY, AUGUST 30, 2008

**Koodarayogam Anniversary camping continues at Indiana Beach.**
Holy Mass and Novena at 10:00 A.M.
**Religious Education Teachers Training at Community Center for St. Mary's School from 11:00 A.M. by Sr. Judith from the Archdiocese of Chicago.**

### SUNDAY, AUGUST 31, 2008

**Koodarayogam Anniversary ends in the morning.**
Holy Mass at 10:00 A.M.
Mass at OLV at 5:30 P.M.

### MONDAY, SEPTEMBER 1, 2008

എട്ടു നോമ്പ് ആരംഭിക്കുന്നു.

**St. Thomas Koodarayogam at Mathias Pullappally's house at 7:00 P.M.**

### THURSDAY, SEPTEMBER 4, 2008

Holy Mass, Novena and Benediction at Community Center at 7:00 P.M.

### FRIDAY, SEPTEMBER 5, 2008

Holy Mass and **Adoration** at 7:00 P.M.

### SATURDAY, SEPTEMBER 6, 2008

Holy Mass and Novena at 10:00 A.M.
**Rosary after 10:00 A.M. Mass as per instruction from the Bishop.**

### SUNDAY, SEPTEMBER 7, 2008

**Reopening of Religious Education Schools.**
**Syro-Malankara Holy Mass at 8:30 A.M.**



# വികാരിയുടെ സന്ദേശം

## മനോഭാവ മാറ്റത്തിലൂടെ നമുക്ക മിഷനറിമാരാകാം

എന്റെ പ്രിയ സഹോദരങ്ങളേ,

അമേരിക്കയിൽ ആരോഗ്യ പരിപാലന രംഗത്ത് ജോലിക്കാരെ അന്യ രാജ്യങ്ങളിൽ നിന്ന് സ്വീകരിക്കുവാൻ തുടങ്ങിയപ്പോഴാണ് ക്നാനായക്കാരുടെ അമേരിക്കൻ കുടിയേറ്റത്തിന് കുതിച്ചു കയറ്റമുണ്ടായത്. ധാരാളം നേഴ്സമാരും മറ്റു മെഡിക്കൽ പ്രൊഫഷണൽസും അവർ വഴി അനവധി കുടുംബഗങ്ങളും ഇവിടേയ്ക്കു കുടിയേറി. നാട്ടിലും ഇവിടെയും ശമ്പളത്തിലും നാണയ മൂല്യത്തിലുമുള്ള അന്തരം നമ്മെ സമ്പന്നരും ജീവിത സൗകര്യങ്ങളുമുള്ളവരാക്കി. എന്നാൽ നമ്മെ നാമാക്കി മാറ്റുവാൻ അനുഗ്രഹിച്ച ദൈവത്തെ മൂലയിലൊതുക്കി നമ്മുടെ അഹംഭാവവും തിന്മകളും തലപൊക്കിയപ്പോൾ പലർക്കും ശാന്തിയും സമാധാനവും നഷ്ടപ്പെടുന്നു. ജീവിത പ്രശ്നങ്ങളും മോഹഭംഗങ്ങളും നമ്മെ പലപ്പോഴും നിരാശരാക്കുന്നു.

ജീവിത വിജയത്തിന് വിദ്യാഭ്യാസവും നല്ല ജോലിയും സമ്പാദ്യവും ആവശ്യമാണെങ്കിലും ജീവിതം സംതൃപ്തമാകുന്നത് നമുക്കു ലഭ്യമായ ഈ താലന്തുകൾ മറ്റുള്ളവരുമായി പങ്കുവച്ച് സ്നേഹിക്കുന്നവരും സ്നേഹിക്കപ്പെടുന്നവരുമായി മാറുമ്പോഴാണ്. ക്രിസ്തുനാഥൻ കാണിച്ച ഈ പാതയിലൂടെ മാത്രമേ നമ്മുടെ ജീവിതത്തിനു മഹത്തായ ലക്ഷ്യവും അർത്ഥവും ആത്മസംതൃപ്തിയും നേടാനാവൂ. അതിനു നമ്മുടെ തൊഴിൽ മേഖല എന്തായാലും അതിനെ ദൈവത്തിനും ദൈവജനത്തിനുമുള്ള ശുശ്രൂഷയ്ക്കായി മാറ്റുവാൻ കഴിയും. ദൈവജനം എന്നത് അന്ത്യവിധിയിൽ കർത്താവു പരാമർശിക്കുവാനിരിക്കുന്ന വിശക്കുന്നവരും ദാഹിക്കുന്നവരും നഗ്നരും രോഗികളും കാരാഗൃഹ വാസികളും പരദേശികളുമാണ്. എളിയവരിലും വേദനിക്കുന്നവരിലും സഹായാർഹരിലും ദൈവത്തെ കണ്ടുകൊണ്ട്, നമ്മുടെ ഉപജീവനമാർഗ്ഗത്തെ മിഷനറി ശുശ്രൂഷയായി എങ്ങനെ പരിവർത്തനം ചെയ്യാമെന്നു പ്രാർത്ഥനാപൂർവ്വം പരിചിന്തിക്കുവാനാണ് നമ്മുടെ ഇടവകയിൽ ഇദം പ്രഥമമായി അരോഗ്യ പരിപാലന രംഗത്തു പ്രവർത്തിക്കുന്നവർക്കു മുൻതൂക്കം നല്കി വിശേഷാൽ ധ്യാനം ഈ വാരാന്ത്യത്തിൽ ഒരുക്കുന്നത്.

ലോകം ദർശിച്ചിട്ടുള്ളതിലെ ഏറ്റം വലിയ ഭിഷഗ്വരനായിരുന്നു ഈശോ. അവിടുന്നു സുഖപ്പെടുത്തുകയോ മരണത്തിൽ നിന്നു രക്ഷപെടുത്തുകയോ ചെയ്തവർക്കു കണക്കില്ല. എന്നാൽ ഈശോയുടെ ആത്യന്തിക ലക്ഷ്യം രോഗീ പരിചരണമായിരുന്നില്ല. അത് ഈശോയുടെ ഉപജീവന മാർഗ്ഗവുമായിരുന്നില്ല. മറിച്ച്, ദൈവ മനുഷ്യ ബന്ധത്തിന്റെ പുനഃസ്ഥാപനമായിരുന്നു ഈശോയുടെ ലക്ഷ്യം. ദൈവവുമായി മനുഷ്യൻ അകലുവാൻ കാരണം പാപമാണ്. അതു മനുഷ്യനെ രോഗത്തിലേയ്ക്കും നിരാശയിലേയ്ക്കും നയിച്ചു. അതിനാൽ ദൈവ മനുഷ്യബന്ധനവീകരണത്തിന് ശാരീരികവും മാനസികവും ആത്മീയവുമായ ആരോഗ്യം ആവശ്യമാണ്. അതുകൊണ്ടാണ് ഈശോ രോഗസൗഖ്യം നല്കുന്നതോടൊപ്പം പാപങ്ങൾ മോചിച്ച് കുറ്റബോധത്തിൽനിന്നു വിമുക്തരാക്കുകയും സ്വജീവിതത്തിലൂടെ ദൈവത്തിന്റെ സ്നേഹം പങ്കുവയ്ക്കുകയും ചെയ്തത്.

രോഗികളുടെമേൽ കൈവച്ച് അവരെ സുഖപ്പെടുത്തുന്നതിനും പാപങ്ങൾ മോചിക്കുന്നതിനും പ്രത്യാശയുടെ സുവിശേഷം പങ്കുവയ്ക്കുന്നതിനും ഈശോ ശിഷ്യരെ ചുമതലപ്പെടുത്തി. അന്നു മുതൽ സഭ ആ ദൗത്യം നിരന്തരം നിർവ്വഹിച്ചു പോരുന്നു. ക്രൈസ്തവ മിഷനറിമാർ നിരവധി ആശുപത്രികളും ആതുരാലയങ്ങളും മറ്റു സാമൂഹ്യസേവന മാർഗ്ഗങ്ങളും വഴി രോഗീ പരിചരണവും ദീനാനുകമ്പയും സുവിശേഷ പ്രചരണ ഉപാധിയായി സ്വീകരിച്ചു. ആദ്യകാലങ്ങളിൽ നേഴ്സമാരായി ശുശ്രൂഷചെയ്യുവാൻ മുമ്പോട്ടു വന്നത് ക്രൈസ്തവ സന്യാസിനിമാരായിരുന്നതിനാലാണല്ലോ നേഴ്സിനെ സിസ്റ്റർ എന്നു വിളിച്ചുപോന്നത്.

സന്യാസം സ്വീകരിക്കാതെതന്നെ താൻ ഉപജീവനമാർഗ്ഗമായി സ്വീകരിച്ച തൊഴിലിനെ ശുശ്രൂഷയാക്കി മാറ്റി ഏതൊരു ക്രൈസ്തവനും ക്രിസ്തുവിന്റെ മിഷനറിയായി മാറുവാൻ സാധിക്കും. അപ്രകാരമുള്ള അല്മായ പ്രേഷിതത്വമാണ്, സന്യാസ സമർപ്പിതർ കുറഞ്ഞുവരുന്ന ഇക്കാലത്ത് സഭ അല്മായരിൽനിന്ന് പ്രതീക്ഷിക്കുന്നത്. തൊഴിൽ രംഗത്തുനിന്ന് അവധിയെടുത്ത് അവികസിത മേഖലകളിൽ ഏതാനും നാളത്തേയ്ക്കെങ്കിലും മുഴുകാല മിഷനറി പ്രവർത്തനം ചെയ്യുന്ന അല്മായ പ്രേഷിതരെയും സഭ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

രോഗീ പരിചരണമോ, മറ്റുള്ളവർക്കു നന്മചെയ്യുന്ന മറ്റെന്തെങ്കിലും തൊഴിലോ ആകട്ടെ നാം ഇടപെടുന്ന ആളുകളോട് സ്നേഹവും കാരുണ്യവും കൂടുതൽ കാണിക്കുവാനും, അവരുടെ പ്രശ്നങ്ങൾ ശ്രവിക്കുവാനും, കടമയേക്കാളുപരി നമ്മാലാവുന്ന നന്മ അവർക്കു ചെയ്യുവാനും ക്രിസ്തുവിനെ പ്രതി നാം തയ്യാറാകുമ്പോൾ നാം മറ്റൊരു ക്രിസ്തുവായി മറ്റുള്ളവർക്ക് അനുഭവപ്പെടും. അപ്പോൾ നമ്മുടെ ജീവിതം കൂടുതൽ അർത്ഥവത്തും ആനന്ദ ദായകവും സർവ്വോപരി സർവ്വേശ്വരനു സംപ്രീതികരവുമാകും.

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

## നുറുങ്ങുവെട്ടം

ജീവിത കടമകളോടും
ഉപഭോക്താക്കളോടുമുള്ള
നമ്മുടെ മനോഭാവം
ക്രിസ്തീയമാക്കുമ്പോൾ നാമും
സമർപ്പിത മിഷനറിമാരാകും.



*(Continued from page 1)*

കൊണ്ടാണ് കൂടുതൽ മിഷനുകൾ സ്ഥാപിച്ചത്.

എൻഡോഗമി നഷ്ടപ്പെടുത്തുവാൻ ആർക്കും സാധിക്കുകയില്ല. കാരണം അത് സമുദായത്തിന്റെ പൈതൃകമാണ്; പൊതു സ്വത്താണ്. സമുദായത്തിൽ രൂപം കൊള്ളുന്ന ആ അവബോധം പ്രത്യേകിച്ച് നമ്മുടെ കുടുംബങ്ങളിലും കുട്ടികളിലും യുവജനങ്ങളിലുമുള്ള സമുദായത്തോടുള്ള സ്നേഹമാണ് എൻഡോഗമിയിലൂടെ പ്രതിഫലിക്കുക. ആ സ്നേഹം കുറയുമ്പോഴാണ് എൻഡോഗമിക്ക് അപകടമുണ്ടാകുന്നത്. സമുദായത്തോടുള്ള സ്നേഹം നിലനിർത്തുകയും കുഞ്ഞുങ്ങൾക്ക് അത് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്താൽ എൻഡോഗമി എടുത്തുകളയുവാൻ ആർക്കും സാധിക്കുകയില്ല. കാരണം അത് നമ്മുടെ സമുദായത്തിന്റെ പിതൃസ്വത്താണ്. അതു നിലനിർത്തുവാൻ ചുമതലപ്പെട്ടവർ നമ്മളാണ്. അത് യുവജനങ്ങൾക്ക് പറഞ്ഞുകൊടുക്കുവാനും മനസ്സിലാക്കിക്കൊടുക്കുവാനും പര്യാപ്തമായ സഭാസംവിധാനം ഉണ്ടാക്കുവാനാണ് നാം പരിശ്രമിക്കേണ്ടത്. തീർച്ചയായും അതിന്റെ നന്മകൾ നാം കണ്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സംശയങ്ങൾ ഒന്നും കൂടാതെ സഭയിലൂടെ നല്കപ്പെട്ട സംവിധാനങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് നമ്മുടെ പിതാക്കന്മാർ ആഗ്രഹിച്ച രീതിയിൽ വിശ്വാസവും പൈതൃകവും സംരക്ഷിച്ചാൽ എൻഡോഗമി നഷ്ടമാകില്ലെന്നു മാത്രമല്ല വളരുന്ന തലമുറ അതിനെ വാരി പുല്കുകയും ചെയ്യും.

നമ്മുടെ ജനത്തിന്റെ വിശ്വാസവും പൈതൃകവും സംരക്ഷിക്കുന്നതിനാണ് വൈദികരെ കോട്ടയത്തുനിന്നും അയച്ചുകൊണ്ടിരിക്കുന്നത്. ക്നാനായ പൈതൃകം പരിപാലിക്കുവാനാണ് അവർ ശ്രമിക്കുന്നത്; നശിപ്പിക്കുവാനല്ല. നിങ്ങളുടെ നന്മയാണ്, വളർച്ചയാണ് ഇങ്ങോട്ട് അയക്കപ്പെടുന്ന ഓരോ വൈദികനും ലക്ഷ്യമിടുന്നത്. ഈ ബോദ്ധ്യത്തോടുകൂടി വേണം എപ്പോഴും നമ്മുടെ സഭാസമൂഹത്തെ നാം സമീപിക്കുവാൻ. വിശ്വാസികളുടെ ഹൃദയത്തിൽ നിന്നുള്ള ആഗ്രഹത്തിൽ നിന്നാണ് മിഷൻ ഫലദായകമാകുന്നത്. നിങ്ങളുടെ വിശ്വാസത്തിലാണ്, സമുദായ സ്നേഹത്തിലാണ്, സഭാ സ്നേഹത്തിലാണ് ക്നാനായ മിഷൻ വേരൂന്നി നില്ക്കുന്നത്. അതിന്റെ വേരുകൾക്ക് ആവശ്യമായ പോഷകം ലഭിക്കുന്നത് വിശ്വാസികളുടെ ആഗ്രഹത്തിൽ നിന്നാണ്. സമുദായത്തോടുള്ള ബന്ധത്തിൽ നിന്നാണ്. അത് എത്രമാത്രം ശക്തമായി നില്ക്കുന്നുവോ അത്രമാത്രം ശക്തമായി മിഷൻ നമുക്ക് തണലായി നില്ക്കും. അതുകൊണ്ട് ആ രീതിയിൽ മിഷനുകളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് മുന്നോട്ട് പോകുവാൻ നാം തയ്യാറാകണം.

ആ സാഹചര്യത്തിലാണ് നമുക്ക് സ്വന്തമായി ദൈവാലയങ്ങളും സഭാസംവിധാനങ്ങളും ഉണ്ടായെങ്കിലേ നമ്മുടെ വളർച്ച പൂർണ്ണമാകുവെന്ന് ഞാൻ നിങ്ങളോടു പറഞ്ഞത്. അതിന്റെ വെളിച്ചത്തിലാണ് ചിക്കാഗോയിലെ മേവുഡ് പള്ളി നമ്മൾ വാങ്ങിയത്. വടക്കേ അമേരിക്കയിലെ മാത്രമല്ല, കോട്ടയം രൂപതയുടെ അധികാര പരിധിക്കു പുറത്തുള്ള ആദ്യത്തെ ക്നാനായ ഇടവകയാണ് ഇത്. അന്ന് മേവുഡ് പള്ളി ഉണ്ടായപ്പോൾതന്നെ നാം പറഞ്ഞിരുന്നു, ആഗ്രഹിച്ചിരുന്നു മറ്റൊരു പള്ളികൂടി ഉണ്ടാകണമെന്ന്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. നമുക്ക് ഒരു ദൈവാലയംകൂടി പണിയുന്നതിനായി, അതിനോട് ചേർന്ന് ക്നാനായ മക്കൾക്ക് ഒന്നു ചേരുന്നതിനായി, നിങ്ങളുടെ പരിശ്രമഫലമായി ഹോഫ്മാൻ എസ്റ്റേറ്റിൽ സ്ഥലം സ്വന്തമാക്കുവാൻ സാധിച്ചത് ഏറ്റം സന്തോഷപ്രദമാണ്.

കഴിഞ്ഞപ്രാവശ്യം ഞാൻ വന്നപ്പോൾ അവിടെ ദൈവാലയവും കമ്മ്യൂണിറ്റി സെന്ററും പണിയുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന കാര്യം കെ.സി.എസ്. എക്സിക്യൂട്ടീവ് എന്നെ അറിയിച്ചിരുന്നു. ഈ ദിവസങ്ങളിൽ അതിനു പ്രാരംഭം കുറിക്കാം എന്ന് കരുതിയിരുന്നുവെങ്കിലും അതിനുള്ള പ്രവർത്തനങ്ങൾ ഇനിയും പൂർണ്ണമായിട്ടില്ല. സ്ഥലം കൈമാറ്റം ചെയ്യണം, പെർമിറ്റ് കിട്ടണം ഇങ്ങനെയുള്ള കാര്യങ്ങൾ ഉള്ളതിനാൽ ഇപ്പോൾ നമുക്ക് പ്രാരംഭം കുറിക്കാൻ സാധിച്ചില്ല. ഈ ദിവസങ്ങളിൽ ശിലാസ്ഥാപനം നടത്തണം എന്ന് കരുതിയിരുന്നെങ്കിലും കുറച്ചുകൂടി കാര്യങ്ങൾ തീർക്കുവാനുള്ളതുകൊണ്ട് എത്രയും വേഗം കാര്യങ്ങൾ ശരിയാക്കി ക്നാനായക്കാർക്ക് അഭിമാനിക്കാവുന്ന മനോഹരമായ ഒരു ദൈവാലയം പണിതുയർത്തുവാൻ കെ.സി.എസ്. എക്സിക്യൂട്ടീവ് ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നതായി കഴിഞ്ഞ ദിവസം അവരുമായി ചർച്ച ചെയ്തപ്പോൾ മനസ്സിലായി. അതിന് ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും ചെയ്തുകൊടുക്കുവാൻ ബഹു. മുത്തോലത്തച്ചന് സന്തോഷവും താല്പര്യവും ഉണ്ട്. ദൈവാലയ നിർമ്മിതിക്ക് ആവശ്യമായ പ്രാഥമിക നടപടികൾ പൂർത്തിയായി കഴിഞ്ഞാൽ അതിന് നേതൃത്വം നല്കുവാനും മുത്തോലത്തച്ചൻ ഉണ്ടായിരിക്കും.

അങ്ങനെ നമുക്കേവർക്കും അഭിമാനിക്കാവുന്ന മറ്റൊരു ക്നാനായ കത്തോലിക്കാ ദൈവാലയം ഉണ്ടായിക്കാണുവാൻ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇത് ഒരു വിഭാഗം ആളുകളുടെ ആഗ്രഹമല്ല. ചിക്കാഗോയിലെ മുഴുവൻ ക്നാനായക്കാരുടെയും ആഗ്രഹമാണ്. അഭിലാഷമാണ്. ഇത് ഇന്നു രാവിലെ ഞാൻ മേവുഡ് പള്ളിയിലും പറയുകയുണ്ടായി: നമുക്കായി ചിക്കാഗോയിൽ സൗകര്യപ്രദമായ മറ്റൊരു ദൈവാലയം കൂടി ഉണ്ടാകുക. അതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു കഴിഞ്ഞാൽ വികാരിയച്ചന്റെ നേതൃത്വത്തിൽ ഏകമനസ്സോടെ ചിക്കാഗോയിൽ ജനങ്ങൾ കൂട്ടായി പരിശ്രമിച്ച് ദൈവാലയം നിർമ്മിക്കണം. അതുവഴി നമുക്ക് ധാരാളം ദൈവകൃപ ലഭിക്കുകയും ചെയ്യും.

ദൈവാലയം ഉണ്ടാകുന്നത് നമ്മുടെ വളർച്ചക്കുവേണ്ടിയാണ്. വളർച്ച എന്നു പറയുന്നത് വെറും ഭൗതിക വളർച്ചയല്ല. അത് അടിസ്ഥാനമിടുന്നത് ആദ്ധ്യാത്മിക വളർച്ചയാണ്. ദൈവത്തോടുകൂടി മാത്രമേ നമുക്ക് വളരുവാൻ സാധിക്കുകയുള്ളൂ. നമ്മുടെ പിതാക്കന്മാർ ആഗ്രഹിച്ചതുപോലെ സഭയോടു ചേർന്നു നിന്നുകൊണ്ട് വളരുവാൻ ശ്രമിക്കുമ്പോഴാണ് നമ്മുടെ വളർച്ച പൂർണ്ണമാകുന്നത്. അതിനായി പരിശ്രമിക്കുക. പ്രാർത്ഥിക്കുക.

അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് നമ്മുടെ ആളുകൾ വൈദികരെ ലഭിക്കുവാനും ദൈവാലയങ്ങൾ സ്ഥാപിക്കുവാനും ആവശ്യപ്പെടുന്നുണ്ട്. നാട്ടിൽ നിന്നും എല്ലാകാലത്തും വൈദികരെ അയക്കുക സാധ്യമല്ല. ഇവിടുത്തെ പ്രത്യേക സാഹചര്യങ്ങൾ മനസ്സിലാക്കുവാൻ കഴിവുള്ള വൈദികർ ഇവിടെ നിന്നു

*(Continued on page 5)*

# SECOND ANNIVERSARY OF MAYWOOD CHURCH

**Holy Mass and Adoration on Friday September 5th at 7:00 P.M.**
**Holy Mass and Rosary on Saturday September 6th at 10:00 A.M.**
**Syro-Malankara Holy Mass on Sunday September 7th at 8:30 A.M.**
**Thanksgiving Mass and Cake Cutting on Sunday September 7th at 10:00 A.M.**
**Reopening of Religious Education Schools**
**Starting of High School Level - 1 Program for 9th and 10th graders.**
**Restarting of Syro-Malabar English Mass on Sundays at 11:30 A.M.**

## ഭക്ത സംഘടനകൾ

നമ്മുടെ ഇടവകയുടെ ലീജിയൺ ഓഫ് മേരി എല്ലാ മാസത്തിന്റെയും ഒന്നും മൂന്നും ശനിയാഴ്ചകളിൽ രാവിലെ 10:00 മണിയുടെ തിരുക്കർമ്മങ്ങൾക്കു ശേഷവും സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി എല്ലാ ഞായറാഴ്ചയും 10:00 മണിയുടെ കുർബ്ബാനയ്ക്കു ശേഷവും കൂടുന്നതാണ്. എല്ലാവർക്കും സ്വാഗതം.

## ബൈബിൾ സ്റ്റഡി ഗ്രൂപ്പ്



സെപ്റ്റംബർ മുതൽ മാസത്തിന്റെ എല്ലാ രണ്ടും നാലും ശനിയാഴ്ചകളിൽ 10:00 മണി യുടെ തിരുക്കർമ്മങ്ങൾക്കു ശേഷം ബൈ ബിൾ സ്റ്റഡി ഗ്രൂപ്പ് കൂടുന്നതാണ്. ബൈ ബിൾ കൂടുതൽ പഠിക്കുവാനും ധ്യാനിക്കു വാനും പ്രാർത്ഥിക്കുവാനും ആഗ്രഹിക്കുന്ന വർ ഇതിന്റെ കോർഡിനേറ്ററായ റോയി കണ്ണോത്തറയുടെ പക്കൽ പേരു നല്കി മുൻകൂർ രജിസ്റ്റർ ചെയ്യുക. ഫോൺ നമ്പർ: 630-290-8756.

# Faith Through Catechism

## *High School Level - 1*
## *For 9th & 10th Graders*

***Help Catholic teens live the Great Commandment as they explore the Christian vision of self, God, others, life, and the world.***



***Expert Teachers***
***Adult supervision***
***Combined class***
***Classroom activities***
***Outdoor activities***
***Field Trips***
***and more……………***

***Sundays from 10:00 to 11:20 A.M.***
***Through out the school year***
***Class will begin on Sunday, September 7, 2008***
***Register now !!!!!!!!!!!***

**For more information please contact:**
**Fr. Abraham Mutholath**
**Johnny Thekkeparambil**
**Sabu Mutholam**
**Tomy Kunnasseril**

## REGISTRATION FOR RELIGIOUS EDUCATION SCHOOLS

- ✯ Registration for Sacred Heart and St. Mary's Religious Educations Schools of our Parish has started.
- ✯ Classes will start on Sunday, September 7, 2008.
- ✯ Fee and Class schedule will as of last year.
- ✯ Application form will be available at the church or at the parish website: www.knanayaregion.us/chicago.
- ✯ Parents of all new and ongoing students shall fill up the form and submit it along with registration fees.
- ✯ Application form and fee can also be mailed in the parish address given in the application form.

## REL. EDUCATION TEACHERS'TRAINING

There will be mandatory Religious Education Teachers' Training Program for both schools as follows:

**Sacred Heart:** Sunday August 24th at 11:30 A.M. at Maywood Parish Hall.
**St. Mary's:** Saturday August 30th at 11:00 A.M. at KCS Community Center.

*(Continued from page 4)*

തന്നെ ഉണ്ടാകണം. അതിനായി വൈദിക വിദ്യാർത്ഥികൾ ഉണ്ടാകണം. അതുകൊണ്ട് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്ന ദൈവവിളികളുള്ള ചെറുപ്പക്കാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക. നാം മറ്റുള്ളവർക്കുവേണ്ടിക്കൂടി ജീവിക്കുമ്പോഴാണ് നമ്മെക്കൊണ്ട് മറ്റുള്ളവർക്ക് ആവശ്യമുണ്ടെന്ന ബോധ്യം വരും തലമുറയ്ക്ക് ഉണ്ടാകുക. അപ്പോൾ നല്ല ദൈവവിളികൾ നമ്മുടെ ഇടയിൽ നിന്നും ഉണ്ടാകും.

# Upcoming Events

**We are announcing the upcoming events of our parish. Change in time or date might happen later because of special reasons. Please mark your calendar.**

**AUGUST**
29th evening to 31st morning: **Koodarayogam Camping** at Indiana Beach Amusement Resort. (Every year this will be last weekend of August).

**SEPTEMBER**
06 Saturday 10:00 A.M. മാതാവിന്റെ പിറവി തിരുനാൾ sponsored by Women Ministry.
07 Sunday: Reopening of both Religious Education Schools and English Mass at Maywood.
27 Saturday 10:00 A.M. Feast of St. Vincent de Paul sponsored by St. Vincent de Paul Society.
30 Tuesday to October 14th Tuesday. **Holy Land and Rome Pilgrimage** to participate in the Canonization of Blessed Sr. Alphonsa on October 12th at St. Peter's Basilica, Vatican.

**OCTOBER**
10 Friday to 19th Sunday **Rosary** after Holy Mass. Mass will be at 7:00 P.M. Monday through Friday and at 10:00 A.M. on Saturdays and Sundays.
19 Sunday. Mission Sunday Observance and second collection at Maywood and St. Mary's Unit.
20 to 24 and 27 to 31 Monday through Friday at 7:00 P.M. Mass and **Rosary at KCS Community Center**.

**NOVEMBER**
01 Saturday: Observance of **All Souls Day** at Maywood at 10:00 A.M. followed by prayers at Knanaya Catholic Cemetery.
02 Sunday: All Souls Day observance at OLV at 5:30 P.M.
28 Friday to 30 Sunday: **Marriage Preparation Course**.

**DECEMBER**
13 Saturday: Feast celebration of Our Lady of Guadalupe at 10:00 A.M. Sponsored by Sunny Thekkeparambil.
24 Wednesday Evening: Christmas Mass
26 Friday Evening to 29 Monday Evening: **Youth Malayalam and English Retreat and Couples Retreat** at Rockford.
31 Wednesday Evening: Year End service at Maywood and Community Center.

**JANUARY**
01 Thursday: New Year Service at 10:00 A.M.
04 Sunday: Feast of St. Stephen by Kurumulloor Parishioners. Coordinator: Mathew Poothura.

**FEBRUARY**
23 Ash Monday service at 7:00 P.M. at Maywood.
25 Ash Wednesday Service at Community Center at 7:00.

**MARCH**
07 Saturday 6:30 P.M. Religious Education Festival.
19 Thursday to 22 Sunday **Annual Retreat**.

**APRIL**
5 - 12 Holy Week Schedule as of Last Year.
24 - 26 **Marriage Preparation Course**.

**MAY**
02 Sat. 3:00 P.M. **First Holy Communion - Maywood.**
03 Sun. 3:30 P.M. **First Holy Communion - St. Mary's.**
17 Religious Education appreciation lunch / dinner.
22 - 24 **Main Feast of Sacred Heart of Jesus** by St. Stephen Koodara Yogam. (Every year during Memorial Day weekend).

**JUNE**
07 Sunday Feast of St. John Nepumcin by Kumarakom Parishioners. Coordinator: Simon Valacheril.
14 Feast of St. Anthony by Jojo Parumanathettu.

**JULY**
05 Sunday Feast of St. Thomas by Kallara Parishioners. Coordinator: Sabu Madathilparambil.
26 Feast of St. Jacob by Jacobs of the parish. Coordinator: Jacob Pullappally.

**AUGUST**
15 Feast of Assumption by Legion of Mary.
28 - 30 **Koodara Yogam Anniversary Camping**.

## YOUTH AND COUPLES RETREAT

Our parish is arranging separate residential Youth Retreat and Couples Retreat from Friday December 26 evening to Monday December 29th evening at Bishop Lane Retreat Center in Rockford. Famous Catholic preachers will lead the retreat. There will be separate sessions for Malayalam and English preferred youth. Since seats are limited, early registration with $250 for the expenses is a must for admission. For details, please contact Retreat and youth coordinators of our parish.

## CONGRATULATIONS TO HOLY FAMILY KNANAYA CATHOLIC MISSION OF ATLANTA AND ITS DIRECTOR

Prayerful wishes and prayers to the newly established Holy Family Knanaya Catholic Mission of Atlanta and its director Rev. Fr. Stany Edathiparambil from the Sacred Heart Knanaya Catholic Parish. Photo below: Reception by the community to Fr. Stany and Fr. Abraham Mutholath.





| SUNDAY OFFERINGS | Aug. 10 | Aug. 17 |
|---|---|---|
| **St. Mary's Unit at OLV** | **148.00** | **124.00** |
| S.H. Church Mass offering | 883.00 | 1,034.00 |
| Building Fund | 25.00 | |
| Food Service (Des Plaines) | 191.00 | |
| Food Service (Skokie & Lincolnwood) | | 260.00 |
| Agape Stall for Charity | 67.00 | 73.00 |
| **TOTAL AT SACRED HEART** | **1,166.00** | **1,367.00** |
| **Thank You for Your Support** | | |



## Ushers at Sacred Heart

| August 24 | August 31 |
|---|---|
| Abeena Karikkal | Sherry Kulathilkarottu |
| Nirmal Maniparambil | Vinitha Padinjath |
| Soumya Kulathilkarottu | Kichu Maliackalthara |
| Kichu Maliackalthara | Tinu Parangattu |
| Jeffin Chakkalakal | Stephanie Vanchipurackal |
| Leo Mundaplackal | Jamie Mutholam |

## READERS / LECTORS — ഏലിയാ ശ്ലീവാ മോശ കാലങ്ങൾ

| August 24 | PASSAGE | SACRED HEART CHURCH | ST. MARY'S UNIT |
|---|---|---|---|
| 1st Reading | Isaiah 22:19-23 | Mathew Idiyalil | Angela Appozhiparampil |
| 2nd Reading | Romans 11:33-36 | Jith John | Tezen Panayaparampil |
| Gospel | Matthew 16:13-20 | *Jesus asked the disciples, "Who do you say that I am?"* | |
| August 31 | | | |
| 1st Reading | Jeremiah 20:7-9 | Soumi Kulathikarottu | Shalom Olyil |
| 2nd Reading | Romans 12:1-2 | Priyanka Phillip | Jose Thoompanal |
| Gospel | Matthew 16:21-27 | *Those who lose their lives for Jesus' sake will find them* | |



## കൂടാരയോഗ വാർഷിക ക്യാമ്പ്

**At Indiana Beach Amusement Resort**
**5224 E. Indiana Beach Rd., Monticello, IN 47960**
Fun rides for all especially our youth and children.
**Time: Friday August 29th from 3:30 P.M. to Sunday 31st morning.**
നമ്മുടെ പള്ളിയിൽ നിന്ന് 126 മൈൽ.
പ്രവേശനം ഇടവകയുടെ കൂടാരയോഗത്തിൽ പങ്കെടുക്കുന്നവർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു.
വിശദ വിവരങ്ങൾക്കും കൂടാരങ്ങൾ റിസേർവ് ചെയ്യുവാനും സണ്ണി ഇണ്ടിക്കുഴിയോ മത്തിയാസ് പുല്ലാപ്പള്ളിയുമോ ആയി ബന്ധപ്പെടുക.

SPACE AVAILABLE
FOR YOUR
ADVERTISEMENT

**Best compliments from The Mutholath Family**

**Pro-Rehab Services, P.C.**

**Outpatient Rehab. Specialists.**
Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.
6400 College Dr. Suite 800, Palos Heights, IL 60463
9518 W. 179th Street, Tinley Park, IL 60487
(708) 489 6PRS
*www.pro-rehabservices.com*

**Choicecare Home Health, Inc.**
**Skilled Home Health Agency of Choice**
Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.
6400 College Dr. Suite 100, Palos Heights, IL 60463
(708) 489-0123, *www.choicecarehh.com*

Medicare Certified, most insurance accepted.

**Professional with 11 years experience in catering.**
Call **WILLIAM GEORGE**
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail: malabarcat@yahoo.com
YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out

**COMPUTER SERVICE & SUPPORT**
***Home/Office service & Network***
*CALL FOR DETAILS*
Saju Chemmalakuzhy
Cell.224-392-0687
Sajuchemmala-kuzhy@gmail.com
***MS Certified since 1997***

*We put our money where our mouth is*

Free Refinanceing !!!!!
Loan amount up to 100%
No credit, Poor credit - No Problem !
buy new home/investment property
Citywide Mortgage of America Corp.
Jimmy Thomas Kollappallil
Cell: (847) 814-3949
Off: (773) 202-2600
Fax: (773) 202-2605
Email:jimmy@citywidema.com
ക്രെഡിറ്റ് ഇല്ലേ ... സാരമില്ലാ
ക്രെഡിറ്റ് മോശം ... സാരമില്ലാ
100% ലോൺ നൽകപ്പെടും
പുതിയ വീട് വാങ്ങണോ...
ഉടൻ വിളിക്കൂ (847) 814-3949

